# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാർച്ച് 11, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി

ജലവിഭവ വകുപ്പുമന്ത്രി

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി

പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

### മാരക പകർച്ചവ്യാധികൾ

*61. ശ്രീ.പുരുഷൻ കടലുണ്ടി

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.കെ.കെ.നാരായണൻ

,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലിപ്പനി, ചെള്ളുപനി, ഡെങ്കിപ്പനി, കുരങ്ങുപനി, എച്ച്1 എൻ1 തുടങ്ങിയ മാരക പകർച്ചവ്യാധികൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രൈമറി ഹെൽത്ത് സെന്റർ മുതൽ ജില്ലാ ആശുപത്രിവരെയുള്ളവയിൽ ഡോക്ടർമാരുടെ 600 ഓളം ഒഴിവുകൾ ഉൾപ്പെടെ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ 1800ൽ അധികം ഒഴിവുകൾ നികത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ അഭാവം പകർച്ചവ്യാധികൾ നിയന്ത്രിക്കാനുള്ള സംസ്ഥാനത്തെ ആരോഗ്യ പരിപാലന മേഖലയെ ഏത് തരത്തിൽ ബാധിച്ചിരിക്കുന്നുവെന്ന് പരിശോധിക്കാൻ തയ്യാറാകുമോ?

## എച്ച്1.എൻ1 പ്രതിരോധ നടപടികൾ

*62. ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്1.എൻ1 പനി പടരുന്നത് തടയാൻ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കാമോ ;

(ബി) പ്രതിരോധ പ്രവർത്തനത്തിനും രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) രോഗപ്രതിരോധ പ്രവർത്തനത്തിനായി കേന്ദ്ര സഹായം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

## തൊഴിൽ നിയമഭേദഗതി ബിൽ

*63. ശ്രീ.പി.കെ.ഗുരുദാസൻ

,, എളമരം കരീം

,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള തൊഴിൽ നിയമഭേദഗതികളിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) നിർദ്ദിഷ്ട തൊഴിൽ നിയമഭേദഗതി ബിൽ പാർലമെന്റിൽ പാസ്സാക്കുന്നതിനു മുമ്പ് അതിലെ വ്യവസ്ഥകൾ പരിശോധിച്ച് അവയോടുള്ള സംസ്ഥാന നിലപാട് കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ ;

(സി) തൊഴിൽ നിയമഭേദഗതി ബിൽ നിയമമായാൽ തൊഴിൽ രംഗത്ത് ഏതെങ്കിലും തരത്തിലുള്ള പ്രത്യാഘാതം ഉണ്ടാകുമോ എന്ന് പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ?

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ.

*64. ശ്രീ.വി.ചെന്താമരാക്ഷൻ

,, എ.കെ.ബാലൻ

,, എം.ചന്ദ്രൻ

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ശിശുമരണങ്ങൾ ആവർത്തിക്കാതിരിക്കാൻ ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നടപടികൾ കാര്യക്ഷമമമായി പ്രാവർത്തികമാക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ഏതെങ്കിലും തരത്തിലുള്ള മേൽനോട്ട സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്താണ്;

(സി) ശിശുമരണത്തിനിടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിച്ച്, വീഴ്ച വരുത്തിയവരെ കണ്ടെത്തി നടപടി സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

<u>വരൾച്ച നേരിടാൻ സ്വീകരിച്ച മുൻകരുതലുകൾ</u>

*65. ശ്രീമതി.ജമീല പ്രകാശം

ശ്രീ.മാത്യു റ്റി.തോമസ്

,, ജോസ് തെറ്റയിൽ

,, സി.കെ.നാണു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം അതിരൂക്ഷമായ വരൾച്ച നേരിടാൻ സാധ്യതയുണ്ടെന്ന വസ്തുത കണക്കിലെടുത്ത് എന്തൊക്കെ മുൻകരുതലുകളാണ് ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>വിനോദസഞ്ചാര മേഖലയിൽ ജനകീയ പങ്കാളിത്തം</u>

*66. ശ്രീ.എ.റ്റി.ജോർജ്

,, പി.സി വിഷ്ണുനാഥ്

,, ഡൊമിനിക് പ്രസന്റേഷൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി വിനോദസഞ്ചാര മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

<u>ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി</u>

*67. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, തോമസ് ഉണ്ണിയാടൻ

,, റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നടപ്പാക്കിവരുന്ന പുതിയ പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം കേന്ദ്രങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും പുതിയ പദ്ധതികളും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കുരങ്ങുപനി</u>

*68. ശ്രീമതി.കെ.കെ.ലതിക

ശ്രീ.എളമരം കരീം

,, എ. പ്രദീപ്കുമാർ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കുരങ്ങുപനി (ക്യാസന്നൂർ ഫോറസ്റ്റ് ഡിസീസ്) പടർന്നു പിടിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) രോഗവ്യാപനം തടയുന്നതിനും ചികിത്സാസൗകര്യം ഒരുക്കുന്നതിനും ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) കുരങ്ങുപനി നിർണ്ണയത്തിനും ചികിത്സയ്ക്കും സംസ്ഥാനത്തുള്ള സൗകര്യങ്ങൾ എന്തൊക്കെയാണ് ;

(ഡി) സർക്കാർ ഇതുവരെ സ്വീകരിച്ച രോഗപ്രതിരോധ നടപടികൾ അറിയിക്കാമോ ?

### വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടാൻ മുൻ കരുതൽ

*69. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, എൻ .എ.നെല്ലിക്കുന്ന്

,, വി.എം.ഉമ്മർ മാസ്റ്റർ

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വരൾച്ചയുടെ പിടിയിലായിക്കൊണ്ടിരിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ വർഷം കാലവർഷം ശരാശരിയിലേറെ ലഭിച്ചിട്ടും ഇത്തരമൊരു സ്ഥിതിവിശേഷം നേരിടേണ്ടി വരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടാൻ എന്തൊക്കെ മുൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### പീടിക തൊഴിലാളി ക്ഷേമനിധി

*70. ശ്രീ.ജോസ് തെറ്റയിൽ

,, മാത്യൂ റ്റി.തോമസ്

,, സി.കെ.നാണു

ശ്രീമതി.ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പീടിക തൊഴിലാളി ക്ഷേമനിധിയിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വഴിയോര കച്ചവടക്കാരെ കൂടി പ്രസ്തുത ക്ഷേമനിധിയിയുടെ പരിധിയിൽ കൊണ്ടുവരണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വഴിയോര കച്ചവടക്കാരെ കൂടി പ്രസ്തുത ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

### പിന്നോക്ക വിഭാഗ കമ്മീഷന്റെ പഠന റിപ്പോർട്ട്

*71. ശ്രീ.കെ.അജിത്

,, പി.തിലോത്തമൻ

,, വി.ശശി

,, ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രീമിലെയർ കണ്ടെത്തുന്നതിന് നിയോഗിച്ചിരുന്ന പിന്നോക്ക വിഭാഗ കമ്മീഷന്റെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്രീമിലെയർ കണ്ടെത്തുന്നതിന് കുടുംബ വാർഷിക വരുമാനത്തിനു പുറമെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പശ്ചാത്തലം കൂടി മാനദണ്ഡമാക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശമുണ്ടോ; എങ്കിൽ ഇത് പ്രാവർത്തികമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ</u>

*72. ശ്രീ.സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, ആർ . സെൽവരാജ്

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) എങ്കിൽ ഏത് കാലയളവിലെ രജിസ്ട്രേഷനുകൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നത്;

(ഡി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

<u>മരുന്നുക്ഷാമം</u>

*73. ശ്രീ.ഇ.പി.ജയരാജൻ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.പി.ടി.എ. റഹീം

ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി ജീവൻരക്ഷാമരുന്നുകൾക്ക് വിപണിയിൽ കൃത്രിമക്ഷാമം സൃഷ്ടിച്ച് കരിഞ്ചന്തയിൽ വിൽക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സർക്കാർ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിരുന്നോ എന്ന് അറിയിക്കാമോ ;

(ബി) മരുന്നുക്ഷാമം പരിഹരിക്കാൻ നടത്തിയ ഇടപെടലുകൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാനമൊട്ടാകെ കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാത്തതിന്റെയും നിലവിലുള്ളവയിൽ അവശ്യമരുന്നുകൾ പലതും ലഭ്യമാകാത്തതിന്റെയും കാരണം അറിയിക്കാമോ;

(ഡി) മരുന്നുക്ഷാമത്തെക്കുറിച്ച് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; എങ്കിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നു എന്തെങ്കിലും നടപടിയുണ്ടായോ എന്ന് വിശദമാക്കാമോ ?

<u>കാപ്പക്സിന്റെ കീഴിലുള്ള ഫാക്ടറികൾ</u>

*74. ശ്രീ.സി.കെ സദാശിവൻ

,, പി.കെ.ഗുരുദാസൻ

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പക്സിന്റെ കീഴിലുള്ള പത്തു ഫാക്ടറികൾ മുൻ ഉടമകൾക്ക് തിരിച്ചുകൊടുക്കണമെന്ന സുപ്രീംകോടതി ഉത്തരവ് കശുവണ്ടി വ്യവസായ തൊഴിലാളികളെ ഏതു തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫാക്ടറികളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാനായി എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ;

(സി) നിലവിലുള്ള തൊഴിലാളികളുടെ താല്പര്യം കണക്കിലെടുത്ത് പുതിയ നിയമം നിർമ്മിക്കാനും സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കാനും സ്വീകരിച്ച നടപടി

വിശദമാക്കാമോ ?

<u>ജലസമ്പാദ്യ പദ്ധതി</u>

*75. ശ്രീ.വർക്കല കഹാർ

,, സി.പി.മുഹമ്മദ്

,, വി.ഡി.സതീശൻ

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസമ്പാദ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ജലസംരക്ഷണത്തിനും ജലശുദ്ധീകരണത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>നിയുക്തി **2015**</u>

*76. ശ്രീ.എം.പി.വിൻസെൻറ്

,, ലൂഡി ലൂയിസ്

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിയുക്തി 2015 എന്ന പേരിൽ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഈ ഫെയറുമായി സഹകരിക്കുന്നത്;

(ഡി) ഏതെല്ലാം മേഖലയിലുള്ളവരാണ് ഈ ഫെയറിൽ പങ്കെടുക്കുന്നത്?

<u>വരൾച്ചയും കുടിവെള്ള പ്രശ്നവും</u>

*77. ശ്രീ.റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ

,, സി.എഫ്.തോമസ്

,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയെ നേരിടാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) തീരദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) വരൾച്ചക്കാലത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടെ വിപുലമായ പദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## അടുത്ത അദ്ധ്യയന വർഷത്തെ മെഡിക്കൽ പ്രവേശനം

*78. ശ്രീ.എം.എ.ബേബി

,, ടി.വി.രാജേഷ്

,, ആർ. രാജേഷ്

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷത്തെ മെഡിക്കൽ പ്രവേശന കാര്യത്തിൽ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;എങ്കിൽ അതിൻെറ വിശദാംശം നൽകാമോ ;

(ബി) കഴിഞ്ഞ വർഷം തന്നിഷ്ടപ്രകാരം പ്രവേശനം നടത്തിയ കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കോളേജുകളും പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനമെന്താണ് ;വിശദമാക്കുമോ ;

(സി) കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് അസോസിയേഷൻെറ കീഴിലുള്ള കോളേജുകൾ, ഏതെങ്കിലും വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണോ പ്രവേശന പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശം അറിയിക്കാമോ?

## മുല്ലപ്പെരിയാർ അണക്കെട്ട്

*79. ശ്രീ.സാജു പോൾ

,, കെ.കെ.ജയചന്ദ്രൻ

,, രാജു എബ്രഹാം

,, കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പുയർത്താൻ അനുവദിച്ച സുപ്രീംകോടതി മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നത് വിലക്കിയിട്ടുണ്ടോ;

(ബി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കാനായി ഈ സർക്കാർ എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് വിശദമാക്കാമോ;

(സി) ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനും, അതിനായി കേന്ദ്രാനുമതി നേടിയെടുക്കാനും എന്തെല്ലാം ശ്രമങ്ങൾ നടത്തി;വിശദമാക്കാമോ?

<u>കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി</u>

*80. ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.ഇ.പി.ജയരാജൻ

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരൂക്ഷമായ വരൾച്ച കാരണം സംസ്ഥാനത്താകെ കുടിവെള്ള ക്ഷാമം നേരിടുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) 2013-ൽ സംസ്ഥാനം നേരിട്ട അതിരൂക്ഷമായ വരൾച്ചയെ തുടർന്ന് പ്രഖ്യാപിച്ച 505 കോടി രൂപയുടെ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ ;

(സി) പദ്ധതി ലക്ഷ്യം നേടിയോ ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

<u>ആധാർ അടിസ്ഥാനമാക്കി ക്ഷേമനിധി ആനുകൂല്യങ്ങൾ</u>

*81. ശ്രീ.ലൂഡി ലൂയിസ്

,, ടി.എൻ. പ്രതാപൻ

,, ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ആനുകൂല്യങ്ങൾ ആധാർ അടിസ്ഥാനമാക്കി ബാങ്ക് വഴി വിതരണം ചെയ്യുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനം വഴിയുള്ള ആനുകൂല്യങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ശ്രീപത്മനാഭസ്വാമി ക്ഷേത്ര ഭരണം - നിയമനിർമ്മാണം</u>

*82. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ജി.സുധാകരൻ

,, വി.ശിവൻകുട്ടി

,, ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്ര ഭരണം ഗുരുവായൂർ ക്ഷേത്രഭരണ മാതൃകയിൽ നടത്താൻ വേണ്ട നിയമനിർമ്മാണം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ക്ഷേത്രത്തിലെ പൊതുമുതൽ നഷ്ടപ്പെടുത്താനിടയായെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇതിനെ കുറിച്ച് അന്വേഷിച്ച് പൊതുമുതൽ വീണ്ടെടുക്കാനും കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ?

<u>പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണ ധനസഹായം</u>

*83. ശ്രീ.എസ്.ശർമ്മ

,, എ.കെ.ബാലൻ

,, കെ.വി.വിജയദാസ്

,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപേക്ഷിക്കുന്ന അർഹരായ പട്ടികജാതിക്കാർക്കെല്ലാം ഭവന നിർമ്മാണ ധനസഹായം നൽകാനായി എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എത്ര തുക ഇതിനായി വകയിരുത്തിയിട്ടുണ്ട്;

(ബി) ഭവന നിർമ്മാണ ധനസഹായ തുക വർദ്ധിപ്പിച്ചതിന് അനുസൃതമായി ബജറ്റിൽ തുക വകയിരുത്തിയിരുന്നോ;

(സി) ഇന്ദിരാ ആവാസ് പദ്ധതി (ഐ.എ.വൈ) പ്രകാരം അപേക്ഷിച്ചിരുന്ന പട്ടികജാതിക്കാരായ അപേക്ഷകർ ധനസഹായ തുകയിലുള്ള അന്തരം മൂലം വ്യാപകമായി പിന്മാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ഡി) ഇത് പരിഹരിക്കാനായി പട്ടികജാതിക്കാരായ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അന്തരമുള്ള തുക വകുപ്പിൽ നിന്ന് പ്രത്യേകമായി അനുവദിക്കാൻ തയ്യാറാകുമോ?

<u>അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്</u>

*84. ശ്രീ.ആർ . സെൽവരാജ്

,, ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ

,, പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ടോ;പ്രസ്തുത അക്കാഡമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനം വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത അക്കാഡമി ഏതെല്ലാം തൊഴിൽ മേഖലകളിലാണ് പദ്ധതികൾ നടപ്പിലാക്കിയതെന്നു വിശദമാക്കാമോ?

<u>പ്ലെയിസ് മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ</u>

*85. ശ്രീ.ബെന്നി ബെഹനാൻ

,, വി.ഡി.സതീശൻ

,, അൻവർ സാദത്ത്

,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലെയിസ് മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.റ്റി.ഐ. കളിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) സംസ്ഥാനത്തെ എല്ലാ ഐ.റ്റി.ഐ.കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

## തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ അക്കൗണ്ടിലെ തുക

*86. ശ്രീ.സി.കെ.നാണു

,, മാത്യു റ്റി.തോമസ്

,, ജോസ് തെറ്റയിൽ

ശ്രീമതി.ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക ട്രഷറിയിൽ അടയ്ക്കാൻ സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിരുന്നോ;

(ബി) എങ്കിൽ എന്നാണ് ആ നിർദ്ദേശം നൽകിയതെന്നും നിർദ്ദേശം നൽകാൻ കാരണമെന്തെന്നും വ്യക്തമാക്കാമോ;

(സി) ഗവൺമെന്റ് നിർദ്ദേശം അനുസരിച്ച് ഏതൊക്കെ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ എത്ര തുക വീതം ട്രഷറിയിൽ നിക്ഷേപിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## മദ്യനയവും വിനോദസഞ്ചാര മേഖലയും

*87. ശ്രീ.കെ.എൻ.എ.ഖാദർ

,, സി.മമ്മൂട്ടി

,, എൻ. ഷംസുദ്ദീൻ

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനയത്തിൽ വരുത്തിയ മാറ്റം, വിനോദസഞ്ചാര മേഖലയെ ഏതു തരത്തിലാണ് ബാധിക്കുകയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കോടതി ഇടപെടലിനെത്തുടർന്ന് ബാറുകൾ പൂട്ടിയ ശേഷം വിനോദസഞ്ചാര മേഖല ഇരുപത്തൊന്നു ശതമാനം വളർച്ച നേടിയെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കുന്നുകൂടുന്ന മാലിന്യവും, ശുചിത്വമില്ലായ്മയും, മോശം പെരുമാറ്റവുമാണ് വിനോദസഞ്ചാരികളെ കേരളത്തിൽ നിന്നകറ്റുന്നതെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) മദ്യപിക്കാനാണ് വിനോദസഞ്ചാരികൾ കേരളത്തിൽ വരുന്നതെന്ന അഭിപ്രായഗതി, സംസ്ഥാനത്തിന്റെ ആതിഥ്യമര്യാദയ്ക്കും, പ്രകൃതി സൗന്ദര്യത്തിനും അപമാനകരമാണെന്നതുകൊണ്ട് അത് തിരുത്താൻ തയ്യാറാവുമോ?

## പച്ചക്കറികളിലെ മാരകവിഷം

*88. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, പി.എ.മാധവൻ

,, വി.പി.സജീന്ദ്രൻ

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പച്ചക്കറികളിൽ മാരക വിഷം വൻതോതിൽ പ്രയോഗിച്ചിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്ക് ഇടയാക്കുന്ന ഇത്തരം വിഷം നിറഞ്ഞ പച്ചക്കറികൾ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പച്ചക്കറികൾ കീടനാശിനി വിമുക്തമാണെന്നു ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസ് സ്ഥാപിച്ച് ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

## ക്ലിനിക്കൽ ലബോറട്ടറികൾ/സ്കാനിംഗ് സെന്ററുകൾ

*89. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് നിയമ പ്രകാരം എന്തെല്ലാം നിബന്ധനകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ക്ലിനിക്കൽ ലബോറട്ടറികളിൽ ഉപയോഗിക്കുന്ന റീ ഏജന്റുകളുടേയും പരിശോധനാ കിറ്റുകളുടേയും മെഷീനുകളുടേയും ഗുണനിലവാരം പരിശോധിയ്ക്കാൻ എന്ത് സംവിധാനമാണുള്ളതെന്നു വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കാനിംഗ് സെന്ററുകൾ (സർക്കാരും പ്രൈവറ്റും ഉൾപ്പെടെ) മാനദണ്ഡങ്ങൾ അനുസരിച്ചാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) മാനദണ്ഡങ്ങൾ നിർബന്ധമാക്കുന്നതിനുള്ള പ്രത്യേക നിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോ ?

<u>ടേക്ക് എ ബ്രേക്ക് പദ്ധതി</u>

*90. ശ്രീ.വി.എസ്.സുനിൽ കുമാർ

,, കെ.രാജു

,, മുല്ലക്കര രത്നാകരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ പാതയോരങ്ങളിൽ ടേക്ക് എ ബ്രേക്ക് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിശ്രമകേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
02-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].